661118

**D 130446** **(Pages : 2)** **Name.......................................**

**Reg. No...................................**

## FIFTH SEMESTER (CBCSS–UG) DEGREE EXAMINATION, NOVEMBER 2025

(2019 Syllabus)

Malayalam

MAL 5B 09—MALAYALA SAHITHYA VIMARSANAM

Time : Two Hours and a Half | Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25)

1 സി.വി. രചിച്ച രണ്ടു പ്രഹസനങ്ങളുടെ പേരെഴുതുക.

2 നളിനിയുടെ രചനാരീതി പാശ്ചാത്യ കവികളിൽ ധാരാളമുണ്ടെങ്കിലും നമ്മുടെ ഇടയിൽ അപൂർവ്വ മാണെന്ന് ഏ. ആർ. പറയാൻ കാരണമെന്ത് ?

3 ബാല്യകാലസഖി ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരേടാണ് എന്ന് എം.പി. പോൾ വിലയിരുത്തി യത് എന്തുകൊണ്ട് ?

4 മാമ്പഴം എന്ന കവിതയുടെ ഉള്ളടക്കം എന്താണ് ?

5 പ്രാസവാദം എന്നാലെന്ത് ?

6 കണ്ണാടികൾ ഉടയ്ക്കുന്നതെന്തിനാണ് ?

7 സമുദായത്തിലെ വിഷംതീനി എന്ന് ലേഖകൻ ഉദ്ദേശിക്കുന്നത് ആരെയാണ് ?

8 നിരൂപണത്തിന് കുട്ടികൃഷ്ണമാരാർ നൽകുന്ന നിർവചനം എന്ത് ?

9 ജീവൽ സാഹിത്യകാരന്റെ അഭിപ്രായത്തിൽ കല എന്തായിരിക്കണം ?

10 ബി. രാജീവന്റെ അഭിപ്രായത്തിൽ ഒരു സാഹിത്യകാരന്റെ ബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ?

11 പോത്തേരി കുഞ്ഞമ്പു സരസ്വതി വിജയം എന്ന നോവൽ എഴുതാൻ ഇടയായ സാഹചര്യമെന്ത് ?

12 പൂതപ്പാട്ടിലെ അമ്മയും പൂതവും എന്തിന്റെ പ്രതീകമാണെന്നാണ് കെ.ഇ.എൻ പറയുന്നതത് ?

13 ക്രിസ്തുവിന്റെയും ബുദ്ധന്റെയും മതങ്ങളിൽ സന്യാസത്തിന് അമിത പ്രാധാന്യം വന്നു ചേരാൻ കാരണ മെന്ത് ?

14 ഇക്കോ ക്രിട്ടിസിസം എന്നാലെന്ത് ?

15 കെ. പി. അപ്പന്റെ നിരീക്ഷണത്തിൽ ആരാണ് എഴുത്തുകാരൻ ?

(25 marks)

**Turn over**

661118

661118



## Section B

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതമുള്ള എട്ടു ചോദ്യങ്ങൾ. (പരമാവധി മാർക്ക് 35)

16 സാഹിത്യ പഞ്ചാനനൻ പി.കെ. നാരായണപിള്ളയുടെ വിമർശന രീതിയുടെ പ്രത്യേകതയെന്ത് ?

17 ചിന്താവിഷ്ടയായ സീതയിലെ വിമർശന ഭാഗത്തിന്റെ പ്രാധാന്യമെന്ത് ?

18 സി.പി. അച്യുത മേനോൻ മാർത്താണ്ഡവർമ്മയെയും ഇന്ദുലേഖയെയും ഏതു രീതിയിലാണ് പരിഗണിക്കുന്നത് ?

19 നളിനിയുടെ അവതാരികയുടെ പ്രാധാന്യമെന്ത് ?

20 ബാല്യകാലസഖിയിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകളെന്ത് ?

21 പ്രാസവാദത്തിൽ ഏ. ആർ. വഹിച്ച പങ്ക് വ്യക്തമാക്കുക.

22 പി. ഗീതയുടെ അഭിപ്രായത്തിൽ അമ്മിണിക്കുട്ടിയുടെ സ്ത്രീ സത്ത എന്തിനോടാണ് സാത്മീകരിക്കപ്പെടുന്നത് ?

23 ജീവൽ സാഹിത്യ പ്രസ്ഥാനം സാഹിത്യകാരനോട് നിഷ്കർഷിക്കുന്നതെന്താണ് ?

(35 marks)

## Section C

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 അനുഭൂതികളുടെ ചരിത്രപരമായ വികാസം മനുഷ്യന്റെ ആന്തരികമായ സമസ്ത ശക്തികളുടെ വികാസമാണ്–വിലയിരുത്തുക.

25 സരസ്വതി വിജയത്തിന് നോവൽ സാഹിത്യത്തിൽ അർഹമായ സ്ഥാനം ലഭിച്ചില്ല എന്ന് കെ.കെ. കൊച്ച് പറയാൻ കാരണമെന്ത് ? വിശദമാക്കുക.

26 ആഗോളവൽക്കരണം പുരോഗമിക്കുന്തോറും പരിസ്ഥിതി നാശത്തിന്റെ തോതും ഏറിക്കൊണ്ടിരിക്കുന്നു. വിശദമാക്കുക.

27 തിരസ്കാരം എന്ന ലേഖനത്തിൽ കെ.പി. അപ്പൻ പങ്കു വെക്കുന്ന ചിന്തകൾ എന്തൊക്കെയാണ് ? വിശദമാക്കുക.

($2 \times 10 = 20$ marks)

661118